LIBRARY ARCHIVES Kerala Legislative Assembly

എസ്. എസ്. എൽ. സി. 'സേ' പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കുന്നതിനുള്ള തീയതി

*19 [123] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. 'സേ' പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കുന്നതിനുള്ള തീയതി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ അത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) ഹയർ സെക്കന്ററി പ്രവേശനത്തിന് അപേക്ഷ നൽകുന്നതിനുള്ള അവസാന തീയതി എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) എസ്. എസ്. എൽ. സി. 'സേ' പരീക്ഷാഫലം വൈകുന്നതു കാരണം അതിൽ വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് ഹയർ സെക്കന്ററിക്ക് പ്രവേശനം കിട്ടാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 'സേ' പരീക്ഷ വിജയിക്കുന്ന വിദ്യാർത്ഥികൾക്കുംകൂടി ഹയർ സെക്കന്ററിക്ക് പ്രവേശനം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):*

(എ) ഉണ്ട്. എസ്. എസ്. എൽ. സി. 'സേ' പരീക്ഷയുടെ ഫലം ജൂലൈ 12-ന് പ്രഖ്യാപിക്കുന്നതാണ്.

(ബി) ഹയർ സെക്കന്ററി പ്രവേശനത്തിന് അപേക്ഷ നൽകുന്നതിനുള്ള അവസാന തീയതി 24-6-2005 ആയിരുന്നു.

(സി) & (ഡി) എസ്. എസ്. എൽ. സി. മാർച്ചിൽ വിജയിച്ചവർക്കുള്ള പ്രവേശനത്തിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിക്കഴിഞ്ഞ് മിച്ചം വരുന്ന സീറ്റുകളിൽ മുൻവർഷങ്ങളിലെപ്പോലെ 'സേ' പരീക്ഷ ജയിച്ചവർക്ക് അഡ്മിഷൻ നൽകുന്നതാണ്.

ശബരിമലയിലേക്കുള്ള റോഡുകളുടെ വികസനം

*20 [124] *ശ്രീ. തോമസ് ചാഴികാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലേക്കുള്ള ഗതാഗതസൗകര്യം അപര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) എങ്കിൽ ശബരിമലയിലേക്കുള്ള റോഡുകളുടെ വികസനത്തിന് സർക്കാർ പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;